# പച്ചത്തേങ്ങ സംഭരണവില 20 രൂപയാക്കി ഉയർത്തി

തിരുവനന്തപുരം: സംസ്ഥാനത്ത് കൃഷിഭവൻ വഴി കേരഫെഡ് സംഭരിക്കുന്ന പച്ചത്തേങ്ങയുടെ സംഭരണവില 20 രൂപയായി ഉയർത്താൻ തീരുമാനിച്ചതായി കൃഷിവകുപ്പ് മന്ത്രി കെ.പി.മോഹനൻ അറിയിച്ചു.

വിപണിവില സംഭരണവിലയേക്കാൾ ഉയർന്നു നിൽക്കുന്ന സാഹചര്യമായതിനാലാണ് സംഭരണവില വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. കേരഫെഡ് വില നൽകും. 75,000 കർഷകരിൽ നിന്നും 35,000 ടൺ പച്ചത്തേങ്ങ ഇതുവരെ സംഭരിച്ചിട്ടുണ്ട്.

കമ്പോളത്തിൽ വിലത്തകർച്ചയുണ്ടായ സന്ദർഭത്തിലാണ് പദ്ധതി ആരംഭിച്ചതെങ്കിലും ഇത് സ്ഥിരം സംവിധാനമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ കൃഷിവകുപ്പ് ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി കെ.പി.മോഹനൻ അറിയിച്ചു

## കൊപ്രാസംഭരണം: ധനസഹായം അനുവദിച്ചു

തിരുവനന്തപുരം: കൊപ്രാ സംഭരിച്ചതിന് ധനസഹായമായി സർക്കാർ 4,82,79,000 രൂപ കേരഫെഡിനും മാർക്കറ്റ്ഫെഡിനും അനുവദിച്ചു.

ക്വിൻറലിന് 500 രൂപ പ്രകാരം 2012-ൽ കൊപ്ര സംഭരിച്ച ഏജൻസികൾക്ക് നൽകുവാനുള്ള തുകയാണിത്.